ശ്രീ. പി. പി. ഉമ്മർകോയ : അവിടെ ഇതുവരെയും സ്ഥലം നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. തൃക്കാക്കര വേണമോ, അതോ വേറെ വല്ല സ്ഥലത്തും വേണമോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അവസാന തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : സിവിൽ സ്റ്റേഷൻ പണിയാൻ ഉദ്ദേശിക്കുമ്പോൾ, ആ ജില്ലയിൽ എത്ര ഓഫീസുകൾ ഉണ്ടെന്നു നോക്കി അതനുസരിച്ചാണോ പണിയുന്നതു്. എന്നാൽ ഇപ്പോൾ ഉള്ള സിവിൽ സ്റ്റേഷനുകളിൽ പ്രധാനപ്പെട്ട ഓഫീസുകൾപോലും ഇടാൻ സൗകര്യം ഇല്ലാത്തവയാണു്. ഉദാഹരണമായി പാലക്കാട്ടു് സിവിൽ സ്റ്റേഷൻ. അവിടെ ഇപ്പോൾ കോടതി മാത്രം ഇട്ടിരിക്കുന്നതുകൊണ്ടു് അവിടെയുള്ള പ്രധാനപ്പെട്ട ഓഫീസുകളും കളക്ടറേറ്റുമെല്ലാം സ്ഥാപിക്കുന്നതിനു് അവിടെ ഒഴിഞ്ഞു കിടക്കുന്ന സർക്കാർവക സ്ഥലത്തു് ഒരു സിവിൽ സ്റ്റേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പാലക്കാട്ടുള്ള സിവിൽ സ്റ്റേഷനിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെൻറിനു് അറിയാം. താമസിയാതെ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ എടുക്കാവുന്നതാണു്.

ശ്രീ. സി. എ. മാത്യു: പലവിധ കാരണങ്ങൾകൊണ്ടും നമ്മുടെ സംസ്ഥാനത്തു് കെട്ടിടങ്ങൾ ഉണ്ടാക്കാൻ പ്രയാസമാണു്. അതിലേറ്റവും പ്രയാസമുള്ളതു് എറണാകുളം ജില്ലയാണു്. അവിടെ ഏറ്റവും വേഗം നല്ല രീതിയിലുള്ള ഒരു സിവിൽ സ്റ്റേഷൻ പണിയുന്നതിനെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണന കൊടുത്തു്, ഏറ്റവും വേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ അവിടെ പ്രത്യേകമായി എന്തെങ്കിലും പരിഗണന കൊടുക്കാൻ ഗവണ്മെൻറിൽനിന്നും ഉദ്ദേശിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതൊരു നോൺപ്ലാൻ വക്കാണു്. ഓരോ സിവിൽ സ്റ്റേഷൻ പണിയുന്നതിനും വലിയ ഒരു തുക ആവശ്യമാണു്. അതുകൊണ്ടു് അതിനുള്ള സാമ്പത്തികമായ കഴിവുകൂടി നോക്കേണ്ടതുണ്ടു്. എല്ലാവിധ സൗകര്യങ്ങളുമുള്ള സിവിൽ സ്റ്റേഷനുകൾ സ്ഥാപിക്കണമെന്നതന്നെയാണു് ഗവണ്മെൻറിനേറെയും ആഗ്രഹം. അതുകൊണ്ടു് അതിനുള്ള നടപടികൾ സാവധാനത്തിലേ സ്വീകരിക്കാൻ നിവൃത്തിയുള്ളൂ.

അരിയുടെ വിലക്കയറ്റം

* 946. [9] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിനു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരിയുടെ വിലക്കയറ്റം തടയുന്നതിനു് വിളവെടുപ്പുകാലത്തു് നെല്ല് വിലയ്ക്കുവാങ്ങി സ്റ്റോക്കുചെയ്യുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

അരിവിലക്കയറ്റം തടയുന്നതിനു് വിളവെടുപ്പുകാലത്തു് നെല്ലു് വിലയ്ക്കു വാങ്ങി സ്റ്റോക്കുചെയ്യുന്നതു് കമ്മിപ്രദേശമായ കേരളത്തെസംബന്ധിച്ചിടത്തോളം പ്രയോജനപ്രദമാണെന്നു് തോന്നുന്നില്ല. അതിനാൽ അങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ശ്രീ. സി. എ. മാത്യു : ഇന്നു വളരെയധികം അരിയുടെ വിലകൂടിയിരിക്കുന്നതുകൊണ്ടു് അരിയുടെ വില നിശ്ചിത തോതിൽ നിയന്ത്രിക്കാനും ഇന്നു ന്യായവിലഷാപ്പുകളിൽകൂടി വിതരണംചെയ്യുന്ന അരിയുടെ തോതു വർദ്ധിപ്പിക്കാനും ഗവണ്മെൻറു് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : അങ്ങനെ അരിയുടെ തോതു വർദ്ധിപ്പിച്ചാൽ കൊള്ളാമെന്നു് ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്. അതുകൂടി അലോട്ടുമെൻറു തരുന്നതിനു് കേന്ദ്രഗവണ്മെൻറിനു് നിവൃത്തിയില്ലെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഉൽപ്പാദകർക്കു് ശരിയായ വില കിട്ടുന്നതിനും അന്യായമായ വിലവർദ്ധനവു് തടയുന്നതിനും വേണ്ടി ഫുഡ്ഗ്രെയിൻ മാർക്കറ്റിംഗ് ബോർഡു് രൂപീകരിക്കണമെന്നു് കേന്ദ്രഗവണ്മെൻറു് സ്റ്റേറ്റു ഗവണ്മെൻറുകളോടു് നിർദ്ദേശിച്ചിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. തെക്കൻമേഖലാ സ്റ്റേറ്റുകളിൽ അങ്ങനെയുള്ള വല്ല ബോർഡും രൂപീകരിക്കാൻ ആലോചനയുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഈ ബോർഡിനു് ഉദ്ദേശിച്ചിട്ടുള്ള പല പ്രവർത്തനങ്ങളും കേരളത്തെസംബന്ധിച്ചിടത്തോളം വളരെ പ്രസക്തിയുള്ളതല്ല. എങ്കിലും പല പ്രവർത്തനങ്ങളും ബോർഡിൻെറ കീഴിൽ കൊണ്ടുവരുന്നതിനു് സാധിക്കുമോ എന്നു് ആലോചിക്കുന്നുണ്ടു്. അവസാന തീരുമാനമായിട്ടില്ല.

ശ്രീ. എം. എം. മത്തായി : കൃഷിക്കാർക്കു് ഉൽപ്പാദനച്ചെലവു് കൂടിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കൃഷിക്കാർക്കു് നെല്ലിനു് ന്യായമായ വില കിട്ടുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : അതേപ്പറ്റി ഇതിനു മുൻപു് പല അവസരങ്ങളിലും പറഞ്ഞിട്ടുണ്ടു്. ഇൻഡ്യാഗവണ്മെൻറു് അതിനൊരു വില ക്വിപ്പ് പ്പെടുത്തിയിട്ടുണ്ടു്. ഇപ്പോഴത്തെ രണ്ടുരൂപകൂടി വർദ്ധിപ്പിച്ചിട്ടുണ്ടു്. എന്നിരുന്നാൽത്തന്നെയും കൃഷിക്കാരുടെ ചെലവു കണക്കാക്കുമ്പോഴും ഇതു അവർക്കു് ന്യായമായ വിലയായിരിക്കുമോ എന്നുള്ള കാര്യത്തിൽ സംശയമുണ്ടു്. ഏതുപയോഗിച്ചും മദ്രാസു് ഗവണ്മെൻറു് നെല്ലുവില ഫിക്സു് ചെയ്തിരിക്കുന്നതിൽനിന്നും കൂടുതലായി ഇവിടെ ഫിക്സു് ചെയ്യാൻ നിവൃത്തിയില്ല. മദ്രാസിൽ ഫിക്സുചെയ്ത വിലയെക്കാൾ അൽപ്പമെങ്കിലും കൂടുതലായിട്ടാണു് ഇവിടെ കിട്ടുന്നതെന്നു തോന്നുന്നു. അതുകൊണ്ടു് ഇപ്പോൾ അതിനു എന്തെങ്കിലും നടപടിയെടുക്കണമെന്നു തോന്നുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ : കമ്മി സംസ്ഥാനമായ നമ്മുടെ കേരളത്തിൽ ചില മിച്ച ജില്ലകൾ ഉണ്ടെന്നുള്ള വസ്തുതയെ അടിസ്ഥാനപ്പെടുത്തി കൊയ്ത്തുകാലത്തു് ഇങ്ങനെയുള്ള മിച്ച ജില്ലകളിൽനിന്നു്, ഉദാഹരണമായി പാലക്കാട്ടു ജില്ലയിൽനിന്നു് ചിലപ്പോൾ നെല്ലു് തമിഴ്നാട്ടിലേക്കു് പോകുന്നുണ്ടു്. അങ്ങനെ പുറമേ പോകുന്ന നെല്ലെങ്കിലും എടുക്കുന്നതിനുവേണ്ടി ഒരു സ്കീം തയ്യാറാക്കുന്നതിനു് ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : കമ്മി സംസ്ഥാനമെന്നുപറഞ്ഞു് കഴിഞ്ഞുമാറാൻ ശ്രമിക്കുകയല്ല. പാലക്കാട്ടം, കുട്ടനാട്ടം സാമാന്യം വലിയ തോതിൽ പ്രവർത്തനം നടത്തുന്ന പ്രോസസ്സിംഗ് യൂണിറ്റ്സ് ഉണ്ടു്. അതു് സഹകരണാടിസ്ഥാനത്തിലാണു് രൂപീകരിച്ചിട്ടുള്ളതു്. കൊയ്ത്തുകാലത്തു് നെല്ലു് വാങ്ങുന്നതിനും അതു സംരക്ഷിക്കുന്നതിനും, പ്രോസസ് ചെയ്യുന്നതിനുള്ള സാദ്ധ്യത ഇപ്പോഴുതന്നെയുണ്ടു്. പാലക്കാട്ടുനിന്നും കോയമ്പത്തൂരിലേക്കു് നെല്ലു് കൊണ്ടുപോകുന്നതു് ശരിയാണു്. അതുമാതിരി, കോയമ്പത്തൂരിൽനിന്നു് ഇവിടെ വരുന്നതുംകൂടി തട്ടിച്ചുനോക്കിയാൽ, എനിക്കുള്ള വിവരം ശരിയാണെങ്കിൽ, ആ കാര്യത്തിൽ മോശമായ ഒരു നിലയിലല്ല, വളരെ കൂടുതലായി ഇവിടേക്കു് നെല്ലു് വരുന്നുണ്ടു്. അപ്പോഴും ഇതു നിറുത്തിയാൽ മറ്റതും നിറുത്താൻ ഇടയുണ്ടു്. അതുകൊണ്ടു് എന്തെങ്കിലും മെച്ചമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly